ഖുത്ബ
**11.02.2005**
ബയ്ത്തുൽ ഫുതൂഹ്
ലണ്ടൻ

بسم الله الرحمن الرحيم

# നബി(സ)യുടെ സത്യസാക്ഷ്യം

قُلْ لَوْ شَاءَ اللَّهُ مَا تَلَوْتُهُ عَلَيْكُمْ وَلَا أَدْرَاكُمْ بِهِ
فَقَدْ لَبِثْتُ فِيكُمْ عُمُرًا مِنْ قَبْلِهِ أَفَلَا تَعْقِلُونَ (10:17)

പ്രവാചകന്മാർ ലോകത്ത് നിയോഗിതരാകുമ്പോൾ അവർ തങ്ങളുടെ കഴിഞ്ഞകാല ജീവിതം ജനങ്ങളുടെ മുമ്പിൽ സമർപ്പിച്ചുകൊണ്ട്, തങ്ങളുടെ ജീവിതത്തിൽ എന്തെങ്കിലും പാകപ്പിഴകൾ കണ്ടിട്ടുണ്ടോ എന്ന് ജനങ്ങളോടു ചോദിക്കുന്നു. ഉണ്ടെങ്കിൽ എടുത്തുകാണിക്കാൻ ജനങ്ങളെ വെല്ലുവിളിക്കുന്നു. അവരുടെ ജീവിതത്തിൽ എന്തെങ്കിലും കാണാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽ അത് സത്യത്തിൽ അടിയുറച്ചുനിന്നതും സത്യം മാത്രം പറഞ്ഞതും ജനങ്ങളുടെയിടയിൽ സത്യം നിലനാട്ടാൻ ശ്രമിച്ചതും മാത്രമായിരിക്കും. ഈ സവിശേഷ ഗുണത്തിന്റെ അത്യുദാത്തമായ നില നമുക്ക് നബി(സ)യുടെ ജീവിതത്തിൽ കാണാൻ കഴിയും. അവിടത്തെ ജീവിതത്തിന്റെ ഓരോ നിമിഷവും ഈ ഉദാത്തമായ സ്വഭാവ വൈശിഷ്ട്യത്തിന്റെ പ്രകാശത്താൽ പ്രശോഭിതമായിരുന്നു. അവിടത്തെ ഓരോ കർമ്മവും - നുബുവ്വത്ത് വാദത്തിന് മുമ്പേയും - സത്യതയും സത്യസന്ധതയും കൊണ്ട് അലങ്കരിക്കപ്പെട്ടതായിരുന്നു. അതുകൊണ്ടാണ് അല്ലാഹുതആല അവിടത്തെ ഈ ഉദാത്തമായ സ്വഭാവത്തിന്റെ ഉദാഹരണം നല്കിക്കൊണ്ട് അവിശ്വാസികളോടു പറഞ്ഞത്. അതാണ് ഞാനിവിടെ ഓതിയ ഖുർആനിക വചനത്തിൽ പറഞ്ഞിട്ടുള്ളത്. അല്ലാഹു പറയുന്നു. നീ പറയുക, അല്ലാഹു ഉദ്ദേശിച്ചിരുന്നുവെങ്കിൽ ഇത് നിങ്ങൾക്കു ഞാൻ ഓതിക്കേൾപ്പിക്കുമായിരുന്നില്ല. അവൻ നിങ്ങൾക്ക് അതിനെ സംബന്ധിച്ച് അറിവ് തരികയുമില്ലായിരുന്നു. ഇതിനുമുമ്പേ, ഒരു ദീർഘകാലം ഞാൻ നിങ്ങളുടെ ഇടയിൽ ജീവിച്ചിട്ടുണ്ടല്ലോ? എന്നിട്ടും നിങ്ങൾ ഗ്രഹിക്കുന്നില്ലേ? (10:17)

എന്റെ നുബുവ്വത്ത് വാദം തെറ്റാണെന്ന് നിങ്ങൾ ആക്ഷേപിക്കുന്നു. കള്ളമാണെന്ന് പറയുന്നു. ഞാൻ അല്ലാഹുവിൽ നിന്നു വന്നതല്ലെന്ന് മുറവിളി കൂട്ടുന്നു. നേതാവായി ഭൗതികവാദികളെപ്പോലെ വിലസാനാണ് ഞാൻ ഈ വാദമുന്നയിച്ചതെന്ന് നിങ്ങൾ ഘോഷിക്കുന്നു. അല്ലെങ്കിൽ നിങ്ങൾ അവസാനം നിർബന്ധിതരായി ഞാനുമായിട്ട് ഉടമ്പടിയ്ക്ക് വരുന്നതിനുവേണ്ടിയാണ് ഞാനിതൊക്കെ ചെയ്യുന്നതെന്ന് നിങ്ങൾ കരുതുന്നു. എന്നാൽ കേട്ടുകൊള്ളുക, ഈ കുഴപ്പങ്ങളിലൊന്നും എനിക്കൊട്ടും താൽപര്യമില്ല. ഈ ഭൗതിക കാര്യങ്ങളോട് എനിക്കൊട്ടും മനസ്സില്ല. ഇതാണ് ഞാൻ ആഗ്രഹിച്ചിരുന്നെങ്കിൽ, ഈ സാധനങ്ങളാണ് എനിക്കുവേണ്ടിയിരുന്നതെങ്കിൽ നിങ്ങൾക്കിഷ്ടപ്പെട്ട കാര്യങ്ങൾ ആയിരിക്കുമല്ലോ ഞാൻ പറയുന്നത്. അത് നിങ്ങളെ സന്തോഷിപ്പിക്കുകയും ചെയ്യുമായിരുന്നു. എന്നെ ആക്ഷേപിക്കുന്നവരായി നിങ്ങൾ മാറുമായിരുന്നില്ല. മറിച്ച്, വളരെ പെട്ടെന്ന് എനിക്ക് സ്ഥാനമാനങ്ങൾ തരുന്നവരായിത്തീരുമായിരുന്നു. പക്ഷെ, അല്ലാഹു എന്നോടു പറഞ്ഞ സത്യമായ കാര്യങ്ങളാണ് ഞാൻ നിങ്ങളോടു പറയുന്നത്. അതുകൊണ്ട് ഞാനുമായി കലഹിക്കുന്നു. ഈ സന്ദേശം അല്ലാഹു നിങ്ങളിലെത്തിക്കാൻ ആഗ്രഹിച്ചിരുന്നില്ലെങ്കിൽ, അല്ലാഹു എന്നെ അറിയിച്ച കാര്യം ഞാനൊരിക്കലും നിങ്ങളോടു പറയുമായിരുന്നില്ല. നിങ്ങളെന്നെ സംശയദൃഷ്ടിയോടെ നോക്കിക്കൊണ്ടിരിക്കുന്നു; ഞാനെന്റെ സ്വന്തമായിട്ടാണ് ഇതൊക്കെ പറയുന്നതെന്ന് നിങ്ങൾ സംശയിക്കുന്നു. അല്പം ബുദ്ധികാണിക്കുക. ഞാൻ നിങ്ങളുടെയിടയിൽ ഒരു ദീർഘകാലമായി കഴിഞ്ഞുവരുന്നവനാണ്. രണ്ടോ നാലോ വർഷമല്ല. പത്തോ ഇരുപതോ വർഷമല്ല. ഈ കാലം ഒരാളുടെ സ്വഭാവത്തെ പറ്റി മനസ്സിലാക്കാൻ മതിയായതാണ്. എന്നാൽ, യുവത്വകാലമാണ്, ഉയർച്ചയും താഴ്ച്ചയും ഉണ്ടാകാം എന്ന് പറയാൻ കഴിയും. പറഞ്ഞു, എന്റെ യുവത്വകാലവും കഴിഞ്ഞ് നാല്പത് വയസ്സായിരിക്കുന്നു. ഈ കാലം മുഴുവൻ ഞാൻ നിങ്ങളുടെയിടയിൽ തന്നെയാണ് കഴിച്ചുകൂട്ടിയത്. ഈ പ്രായം എന്നുപറയുന്നത് വയസ്സ് തെന്നിമാറാൻ തുടങ്ങുന്ന കാലമാണ്. കഴിഞ്ഞ നാല്പത് വർഷത്തെ എന്റെ ജീവിതം നിങ്ങളുടെ മുമ്പിലുണ്ട്. ഞാനൊരു കാര്യത്തിലും സത്യത്തിൽനിന്നും, സത്യസന്ധതയിൽനിന്നും ലവലേശം പിന്മാറിയിട്ടില്ല. പിന്നല്ലേ, കളവുപറയൽ. സത്യത്തിൽനിന്ന് അല്പം പോലും വിട്ടുനിന്നിട്ടില്ല. അങ്ങനെ വരുമ്പോൾ, ഈ പ്രായത്തിൽ നിങ്ങളുടെ നേതാവാകുന്നതിനുവേണ്ടി അല്ലാഹുവിന്റെ പേരിൽ കളവു പറയുമോ? ഇതാണ്, ആ ഗൗരവമേറിയ സാക്ഷ്യം. അല്ലാഹു വെളിപാടിറക്കി അവിടന്ന് മുഖേന അവിശ്വാസികളിൽ അതെത്തിച്ചു. മുഴുലോകത്തും അതെത്തിച്ചു. അല്പം ബുദ്ധികാണിക്കുക. എന്തിനാണ് നിങ്ങളുടെ വിവേകം കളഞ്ഞുകുളിക്കുന്നത്. നിങ്ങളുടെ ബുദ്ധിക്കെന്തുപറ്റി.

ഇന്നും ഖുർആനെ വിശ്വസിക്കാത്തവരിൽ ചിലരുടെ ജോലി ഇസ്ലാമിന്റെയും ഇസ്ലാമിന്റെ സ്ഥാപകരായ നബി(സ)യുടെയും മേൽ ആക്ഷേപം ഉന്നയിക്കുക എന്നതല്ലാതെ മറ്റൊന്നുമല്ല. നിങ്ങൾ കാണിക്കുന്ന ഖുർആനെ അതു ദൈവിക ഗ്രന്ഥമാ

ണെന്ന് ഞങ്ങൾ വിശ്വസിക്കുന്നില്ലെന്ന് അവർക്ക് പറയാം. നിങ്ങൾ കഥയുണ്ടാക്കി സ്വയം അതിന് സാക്ഷ്യം പറഞ്ഞതാണ് എന്നും പറയാം. അത്തരക്കാർ സത്യമായ സംഭവങ്ങളും യാഥാർത്ഥ്യങ്ങളും കൊണ്ട് കുറഞ്ഞപക്ഷം സത്യത്തെ ഉരച്ചു നോക്കേണ്ടതാണ്. ഇത്ര വലിയൊരു വാദവും അവിശ്വാസികളുടെ മുന്നിൽ വെച്ചു. അതായത് നിങ്ങളുടെ കൺമുമ്പിലാണ് ഞാൻ ജീവിച്ചത്. അതിൽ നിങ്ങൾ ചിന്തിക്കുക. മക്കയിലെ സത്യനിഷേധികൾ ഇതിനെതിരെ ഒരിക്കലും വിരൽ ചൂണ്ടിയില്ല. നീ കളവു പറയുകയാണ്, ഇന്ന ഇന്ന അവസരങ്ങളിൽ നീ കളവു പറഞ്ഞില്ലേ എന്നൊക്കെ പറഞ്ഞ് നബിയെ ഓർമപ്പെടുത്തിയ ഒരു ഉദാഹരണം പോലും ചരിത്രത്തിൽ നിന്നു കിട്ടുന്നില്ല. നബി(സ) അവിശ്വാസികളുടെ മുന്നിൽ തന്റെ സത്യസാക്ഷ്യമായി വെച്ച ഈ തെളിവിനെ അവിശ്വാസികൾ നിഷേധിച്ചതായി എങ്ങും കാണുന്നില്ല. എന്നു മാത്രമല്ല ഇതിന്നെതിരിൽ അവർ നബി(സ)യെ സത്യസന്ധർ എന്നു വിളിച്ചിരുന്നു. ഇതിനുള്ള ഉദാഹരണങ്ങൾ ചരിത്രത്തിൽ കാണുന്നുണ്ട്. അത്തരം ചില ഉദാഹരണങ്ങളാണ് ഞാൻ പറയുന്നത്. അതിനുമുമ്പേ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഒരു ലിഖിതശകലമുണ്ട്. അവിടന്ന് പറയുന്നു. പ്രവാചകന്മാർ തങ്ങളുടെ പ്രബലമായ സത്യസന്ധത സമർപ്പിച്ചുകൊണ്ട് ശത്രുക്കൾക്ക് മറുപടി കൊടുത്തു. അതു വിശുദ്ധഖുർആനിലുണ്ട്. നബി(സ) പറഞ്ഞതായി അതിൽ രേഖപ്പെട്ടുകിടക്കുന്നു. *ഫഖദ് ലബിസ്തു ഫീക്കും ഉമുറൻമ്മിൻ ഖബ്ലിഹീ അഫലാ തഅ്ഖിലൂൻ.* അതായത് ഞാൻ കളവുപറയുന്നവനല്ല. കെട്ടിച്ചമച്ചു പറയുന്നവനുമല്ല. നോക്കുക, ഇതിനുമുമ്പേ നാല്പതു വർഷം ഞാൻ നിങ്ങളുടെ യിടയിൽ ജീവിച്ചയാളാണ്. ഞാൻ കളവുപറഞ്ഞതായോ കെട്ടിയുണ്ടാക്കി പറഞ്ഞതായോ എപ്പോഴെങ്കിലും നിങ്ങൾ പറഞ്ഞിട്ടുണ്ടോ? ഇന്നേവരെ കളവുപറയാത്ത ഒരുവൻ, ഇപ്പോൾ അല്ലാഹുവിനെക്കുറിച്ചു കളവു പറയുന്നതെന്തിനാണ്? നിങ്ങൾ ചിന്തിക്കുന്നില്ലേ? ചുരുക്കത്തിൽ പ്രവാചകന്മാരുടെ മറ്റെല്ലാ കാര്യങ്ങളും മാറ്റി നിറുത്തിക്കൊണ്ട് അവരുടെ ജീവിത സംഭവങ്ങൾ മാത്രം നോക്കുകയാണെങ്കിൽ അതിൽ നിന്നുതന്നെ അവരുടെ സത്യത തെളിഞ്ഞു വരുന്നതാണ്. ഉദാഹരണത്തിന് ഈ ഗ്രന്ഥത്തിലെഴുതുന്ന, ഹസ്റത്ത് ഖാത്തമുൽ അമ്പിയാ(സ)ന്റെ നുബുവ്വത്തിന്റെ സത്യതയ്ക്കുള്ള തെളിവുകൾ മാത്രം നീതിമാനും വിവേകശാലിയുമായ ഒരാൾ നോക്കുകയാണെങ്കിൽ, ആ അവസ്ഥകളിൽ മാത്രം ചിന്തിക്കുകയാണെങ്കിൽ, നബി (സ) സത്യവാനാണെന്ന് ഹൃദയംഗമമായി അയാൾ വിശ്വസിക്കുമെന്നതിൽ സംശയമൊന്നുമില്ല. അയാൾ വിശ്വസിക്കാതിരിക്കുന്നതെങ്ങനെ? ആ സംഭവങ്ങൾ തന്നെ സമ്പൂർണ്ണവും സത്യതയും സംശുദ്ധിയും കൊണ്ട് പരിമളം ചാർത്തിയതുമാണ്. അത് സത്യാന്വേഷികളുടെ ഹൃദയത്തെ അനിയന്ത്രിതമായി തന്നിലേക്ക് വലിച്ചടുപ്പിക്കുന്നതാണ്. ഹസ്റത്ത് മസീഹ് മൗഊദ് (അ) ബറാഹീനെ അഹ്മദിയ്യായിൽ പറഞ്ഞതാണിത്. ഇനി ഹദീസുകളിൽ വന്നിട്ടുള്ള ചില സംഭവങ്ങൾ വിവരിക്കുന്നതാണ്. സമൂഹത്തിലെ എല്ലാ വിഭാഗക്കാരും അംഗീകരിച്ചതാണത്. സാക്ഷ്യം പറഞ്ഞതാണത്. വീട്ടുകാരും കൂടെ ജോലിചെയ്തവരും, സുഹൃത്തുക്കളും, ശത്രുക്കളും എല്ലാവരും അതിലുണ്ട്. ഒരു അതിശയോക്തികൂടാതെ അവർ പറഞ്ഞു. മുഹമ്മദ് സത്യവാനാണ്.

മക്കയിലെ ഖുറയ്ശികൾ നബിയുടെ യുവത്വകാലത്ത് ആ മഹാത്മാവിന് അനുകൂലമായി പറഞ്ഞ ഒരു സാക്ഷ്യമുണ്ട്. അതിൽ സത്യസന്ധനും വിശ്വസ്തനുമെന്ന സ്ഥാനം നബിക്ക് നല്കി.

കഅ്ബ പുനർനിർമ്മാണം നടക്കുന്ന അവസരത്തിൽ ഹജ്റെ അസ്വദ് ഏത് ഗോത്രക്കാർ എടുത്തു സ്ഥാപിക്കണമെന്നതിനെ സംബന്ധിച്ച് തർക്കമുണ്ടായി. അത് തമ്മിത്തല്ല് വരെ എത്തുമെന്ന നിലയിലെത്തി. നാലഞ്ചു ദിവസം വരെ ഇതിന് പരിഹാരമൊന്നും കാണാൻ കഴിഞ്ഞില്ല. അപ്പോൾ അവരിൽ ഒരു ബുദ്ധിമാൻ അഭിപ്രായം പറഞ്ഞു. അബൂ ഉമയ്യാബിൻ മുഗീറാബിൻ അബ്ദില്ലാഹ്ബിൻ ഉമർബിൻ മഖ്സൂം ആയിരുന്നു അത്. അദ്ദേഹം അങ്ങേയറ്റം വൃദ്ധനായിക്കഴിഞ്ഞിരുന്നു. അനുഭവ പരിചയമുള്ള ആളായിരുന്നു. ആലോചിച്ചു തീരുമാനമെടുക്കുന്ന വ്യക്തിയായിരുന്നു. അദ്ദേഹമാണ് അഭിപ്രായം പറഞ്ഞത്. ഭിന്നിക്കേണ്ട ഒരു കാര്യവുമില്ല. ആരാണോ നാളെ ഏറ്റവുമാദ്യം ബയ്ത്തുല്ലായിൽ വരുന്നത്, അദ്ദേഹം ഇതിനു വിധിപറയട്ടെ എന്ന തീരുമാനമെടുത്തുകൊള്ളുക. ഇതിനോട് എല്ലാവരും യോജിച്ചു. എല്ലാവരും ഈ അഭിപ്രായം അംഗീകരിച്ചു. അടുത്തദിവസം ഏറ്റവുമാദ്യം ബയ്ത്തുല്ലാഹിൽ കടന്ന വ്യക്തി റസൂലുല്ലാഹി (സ) ആയിരുന്നു. നബി(സ)യെ കണ്ടപ്പോൾ അവർ പറഞ്ഞു. ഹാദൽ അമീനു. ഇത് അമീൻ അഥവാ വിശ്വസ്തനാണ്. ഞങ്ങൾ സന്തോഷിക്കുന്നു. ഇത് മുഹമ്മദാണ്. ഖുറയ്ശികൾ, ഹജ്റെ അസ്വദ് സ്ഥാപിക്കുന്നതിനെക്കുറിച്ചുള്ള കലഹം മുഹമ്മദിനോടു (സ) പറഞ്ഞു. നബി(സ) അതു കേട്ടപ്പോൾ പറഞ്ഞു. ഒരു തുണികൊണ്ടുവന്നു തരിക. അങ്ങനെ തുണി കൊണ്ടുവന്നു. നബി(സ) അതു വിരിച്ചു. ഹജ്റെ അസ്വദ് ആ തുണിയിലെടുത്തുവെച്ചുകൊണ്ടു, ഓരോ ഗോത്രക്കാരും ഇതിന്റെ അറ്റം പിടിച്ചുകൊള്ളുക എന്നു പറഞ്ഞു. എന്നിട്ടത് പൊക്കുക. അവർ അങ്ങനെ തന്നെ ചെയ്തു. ഹജ്റെ അസ്വദ് സ്ഥാപിക്കേണ്ട സ്ഥലമെത്തിയപ്പോൾ നബി (സ) തന്റെ കൈകൊണ്ട് അതെടുത്തു സ്ഥാപിച്ചു. ഖുറയ്ശീ നേതാക്കന്മാർ ആ നേരത്ത് നബിയെ അമീൻ അഥവാ വിശ്വസ്തൻ എന്നാണ് വിളിച്ചത്. ഇത് നുബുവ്വത്ത് വാദത്തിന് എത്രയോ മുമ്പേ നടന്ന സംഭവമാണ്. യുവത്വകാലത്തെ സംഭവമാണ്. അമീൻ

എന്നു പറയുന്നത് സത്യത്തിൽ നിലകൊള്ളുന്നവനെയാണ്. കളവു പറയുന്നവൻ ഒരിക്കലും വിശ്വസ്തനായിരിക്കുകയില്ല.

നോക്കുക, ഖുറയ്ശീ നേതാക്കന്മാർക്കിടയിൽ നബി(സ)ന് അന്നേ ഒരു സ്ഥാനമുണ്ടായിരുന്നു. അവിടന്ന് സുഖലോലുപരെപ്പോലെ, നേതൃത്വമോ, ലീഡർ സ്ഥാനമോ ആഗ്രഹിച്ചിരുന്നെങ്കിൽ, ഈ സ്ഥാനം കാരണത്താൽ അതെളുപ്പം സമ്പാദിക്കാമായിരുന്നു. എന്നാൽ, നബി(സ)ന് അതിനോട് ഒരു താല്പര്യവും ഉണ്ടായിരുന്നില്ല.

അതേ യുവത്വകാലത്ത് നടന്ന മറ്റൊരു സംഭവം കാണുക. നബി(സ) യുടെ സത്യസന്ധതയും വിശ്വസ്തതയും സ്വഭാവ വൈശിഷ്ഠ്യവും കേട്ട് ഹസ്റത്ത് ഖദീജ(റ) തന്റെ ചരക്ക് നബിയെ ഏല്പിച്ച് കച്ചവടത്തിനായി യാത്രയാക്കി. ആ യാത്രയിൽ ഖദീജ(റ)യുടെ അടിമയായ മയ്സറയും നബിയോടൊപ്പമുണ്ടായിരുന്നു. മടങ്ങിവന്നപ്പോൾ മയ്സറ യാത്രയിലെ കാര്യങ്ങൾ ഖദീജയോടു പറഞ്ഞു. അപ്പോൾ ഖദീജ അതിൽ ആകർഷിതയായി, തന്നെ വിവാഹം കഴിക്കണമെന്ന സന്ദേശം നബിക്കയച്ചു. താങ്കൾ ബന്ധുത്വം ശ്രദ്ധിക്കുന്നവനും ജനതയിൽ ആദരണീയനും വിശ്വസ്തനും സവിശേഷമായ ഉന്നത സ്വഭാവങ്ങളുടെ ഉടമസ്ഥനും സത്യം മാത്രം പറയുന്ന ആളുമാണ് എന്നും പറഞ്ഞു. സത്യസന്ധതയുടെയും വിശ്വസ്തതയുടെയും ഉദാത്തമായ നില അവിടന്ന് യുവത്വകാലത്ത് നിലനിറുത്തിയത്, അവിടത്തെ സഹയാത്രികൻ കാണുകയുണ്ടായി. ആ സഹയാത്രികനും അതിൽ ആകർഷിതനായി. അത് തന്റെ യജമാനത്തിയോടു പറഞ്ഞു. എത്രമാത്രം വലിയ വിശ്വസ്തനും സത്യസന്ധനുമാണ് അദ്ദേഹം.

പിന്നീട് നാം കാണുന്നത് ഭാര്യയുടെ സാക്ഷ്യമാണ്. തങ്ങളുടെ ഭർത്താക്കന്മാരുടെ നല്ലതും ചീത്തയുമൊക്കെ അറിയുന്നവരാണ് ഭാര്യമാർ. വീട്ടുകാര്യങ്ങളിലുള്ള അവരുടെ പെരുമാറ്റത്തെകുറിച്ച് അവർക്കുമാത്രമെ സത്യസന്ധമായി സാക്ഷി പറയാൻ പറ്റുകയുള്ളു. ഇതു സംബന്ധമായി ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഉമ്മുൽ മുഅ്മിനീൻ ഹസ്റത്ത് ആയിശ(റ) നബി(സ)യുടെ മേൽ അല്ലാഹുവിൽനിന്ന് ആദ്യം വഹ്‌യുണ്ടായ അവസ്ഥ വിവരിച്ചുകൊണ്ടു പറയുന്നു. ദീർഘമായൊരു നിവേദനമാണിത്. വഹ്‌യ് ഇറങ്ങിയപ്പോൾ തനിക്കുണ്ടായ പ്രയാസത്തെക്കുറിച്ച് നബി(സ) തിരുമേനി ഉമ്മുൽ മുഅ്മിനീൻ ഹസ്റത്ത് ഖദീജ (റ) യോടു പറഞ്ഞു. ഹസ്റത്ത് ഖദീജ(റ) നബിയെ സമാധാനിപ്പിച്ചുകൊണ്ടു പറഞ്ഞു: അങ്ങ് ചിന്തിക്കുന്നതുപോലെയല്ല കാര്യം. അങ്ങയ്ക്ക് സുവാർത്ത അല്ലാഹുവാണ! അല്ലാഹു ഒരിക്കലും അങ്ങയെ നിന്ദിതനാക്കുകയില്ല. അങ്ങ് ചാർച്ചയെ ചേർക്കുന്നു. സത്യം പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നു.

സുഹൃത്തിന്റെ സാക്ഷ്യം കാണുക. ആ സുഹൃത്ത് കുട്ടിക്കാലം മുതൽ കാണുകയും കേൾക്കുകയും ചെയ്ത് വളർന്നയാളാണ്. അതായത് ഹസ്റത്ത് അബൂബക്കർ(റ). ഈ സുഹൃത്ത് എപ്പോഴും എല്ലാ അവസ്ഥയിലും അവിടന്ന് സത്യം പറയുന്നതും, സത്യത്തെ ഉപദേശിക്കുന്നതും മാത്രമെ കാണുകയും കേൾക്കുകയും ചെയ്തിട്ടുള്ളു. അതുകൊണ്ട്, ഈ വ്യക്തി ഒരിക്കലും കളവു പറയുകയില്ല എന്ന ഉറച്ച വിശ്വാസം അദ്ദേഹത്തിനുണ്ടായി. നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ) നുബുവ്വത്ത് വാദിച്ച വിവരം ഹസ്റത്ത് അബൂബക്കർ (റ) കേട്ടപ്പോൾ, നബി(സ) നിർബന്ധിച്ച് സംശയങ്ങൾ അകറ്റിക്കൊടുക്കാൻ ശ്രമിച്ചിട്ടും ഒരു തെളിവും ആവശ്യപ്പെട്ടില്ല. കാരണം നബിയുടെ ജീവിതം മുഴുവൻ സത്യസന്ധതയും വിശ്വസ്തതയും മാത്രമെ അദ്ദേഹം കണ്ടിട്ടുള്ളു. അങ്ങ് നുബുവ്വത്ത് വാദിച്ചിട്ടുണ്ടോ? എന്നു മാത്രമെ ഹസ്റത്ത് അബൂബക്കർ (റ) നബി(സ)യോടു ചോദിച്ചിട്ടുള്ളു. നബി(സ) വിശദീകരിച്ചു മറുപടികൊടുക്കാനാഗ്രഹിച്ചു. ആവർത്തിച്ചാവർത്തിച്ച് അബൂബക്കർ (റ) പറഞ്ഞത്, എനിക്ക് ഉണ്ടോ, ഇല്ലേ എന്നു മറുപടി തന്നാൽ മതിയെന്നാണ്. നബി(സ) അതെ എന്നു മറുപടി പറഞ്ഞപ്പോൾ, എന്റെ മുമ്പിൽ അങ്ങയുടെ കഴിഞ്ഞകാലം ജീവിതം മുഴുവനുമുണ്ട്. മനുഷ്യരോട് സത്യം പറയുന്നയാൾ, അതിന്റെ ഉദാത്തമായ നിലസ്ഥാപിക്കുന്നയാൾ അല്ലാഹുവിനെക്കുറിച്ച് കളവുപറയുമെന്ന് എങ്ങനെ ഞാൻ കരുതാനാണ്.

വീട്ടുകാരുടെയും, തൊഴിലാളികളുടെയും, സുഹൃത്തുക്കളുടെയും സാക്ഷ്യം ശരിയാകുകയില്ലെന്നും, അല്പസ്വല്പം തെറ്റുണ്ടായാൽ തന്നെ അത് അവർ മറച്ചുവെയ്ക്കുമെന്നും ആരെങ്കിലും പറഞ്ഞേക്കാനിടയുണ്ട്. എന്നാൽ, ഇതിനുപുറമെ മറ്റെന്തുസാക്ഷ്യമാണ് വേണ്ടത്. ശത്രുവും ഇതു സംബന്ധമായി അവിടത്തെക്കുറിച്ച് സാക്ഷിപറയുന്നുവെന്ന് വാസ്തവം. ആ സാക്ഷ്യത്തെ ഒരിക്കലും ആർക്കും നിഷേധിക്കാൻ സാധിക്കുകയില്ല. അതിനുള്ള ഒരു ഉദാഹരണം നബി(സ) യുടെ കഠിനവിരോധിയായിരുന്ന നള്ർ ബിൻ ഹാരിസിന്റേതാണ്. ഒരിക്കൽ ഖുറയ്ശീ നേതാക്കന്മാർ സംഘടിച്ചു. അവരിൽ അബൂജഹ്‌ലും കഠിനവിരോധിയായ നള്ർ ബിൻ ഹാരിസും ഉണ്ടായിരുന്നു. മുഹമ്മദ് ഇന്ദ്രജാലക്കാരനും കള്ള പ്രവാചകനുമാണെന്ന് പറഞ്ഞു പരത്താൻ ആരോ പറഞ്ഞപ്പോൾ, നള്ർ ബിൻ ഹാരിസ് എഴുന്നേറ്റുനിന്ന് പറഞ്ഞു: ഖുറയ്ശീ സംഘമേ! നിങ്ങൾക്ക് ഒരു പ്രശ്നം നേരിട്ടിരിക്കുകയാണ്. അത് പരിഹരിക്കാൻ ബുദ്ധിപൂർവമായ പദ്ധതി കൊണ്ടുവരാൻ നിങ്ങൾക്കു കഴിഞ്ഞില്ല. മുഹമ്മദ് നിങ്ങളിൽ ഒരു യുവാവായിരുന്നു. നിങ്ങൾക്ക് ഏറ്റവുമധികം പ്രിയങ്കരനായിരുന്നു. ഏറ്റവുമധികം സത്യം പറയുന്നയാളായിരുന്നു. നിങ്ങളിൽ ഏറ്റവുമധികം വിശ്വസ്തനുമായിരുന്നു. ഇപ്പോൾ നിങ്ങൾ മുഹമ്മദിൽ

പ്രായത്തിന്റെ ലക്ഷണങ്ങൾ കണ്ടിരിക്കുകയാണ്. അദ്ദേഹം ഒരു സന്ദേശം കൊണ്ടുവന്നപ്പോൾ നിങ്ങൾ പറയുന്നു മുഹമ്മദ് ഇന്ദ്രജാലക്കാരനാണെന്ന്. അദ്ദേഹത്തിൽ ഇന്ദ്രജാലത്തിന്റേതായ ഒന്നും തന്നെയില്ല. ഞങ്ങളും ഇന്ദ്രജാലക്കാരെ കണ്ടിട്ടുണ്ട്. അദ്ദേഹം ഒരിക്കലും ജ്യോതിഷിയല്ല. നിങ്ങൾ പറയുന്നു അദ്ദേഹം കവിയാണെന്ന്. കവിതയുടെ എല്ലാ ഇനവും നമുക്കറിയാം. അദ്ദേഹം കവിയല്ല. നിങ്ങൾ പറയുന്നു അദ്ദേഹം ഭ്രാന്തനാണെന്ന്. ഭ്രാന്തിന്റെ ഒരടയാളവും അദ്ദേഹത്തിലില്ല. ഖുറയ്ശീ സംഘമേ! ഇനിയും നിങ്ങൾ അധികമായി ചിന്തിക്കുക. നിങ്ങൾ നേരിടുന്നത് വലിയൊരു പ്രശ്നത്തെയാണ്.

മറ്റൊരു സാക്ഷ്യം കാണുക. ശത്രുക്കളുടെ നേതാവായ അബൂജഹ്‌ലിന്റേതാണ്. ഹസ്റത്ത് അലി (റ) നിവേദനം ചെയ്യുന്നു. അബൂജഹ്ൽ, നബി(സ)യോടു പറഞ്ഞു: ഞാൻ നിന്നെ കള്ളവാദിയെന്നു പറയുന്നില്ല. നീ സമർപ്പിക്കുന്ന അദ്ധ്യാപനെത്തെയാണ് ഞാൻ കളവെന്നുപറയുന്നത്. ബുദ്ധിക്കുമീതെ മറവീണാൽ ഇങ്ങനെയൊക്കെയായിരിക്കും പിന്നെ സംസാരിക്കുക. അതുകൊണ്ടാണ് അല്പമെങ്കിലും ചിന്തിക്കാൻ അല്ലാഹു പറഞ്ഞത്. സത്യവാനായ മനുഷ്യന് അസത്യമായ പാഠം ഉപദേശിക്കാൻ കഴിയുമോ സത്യവാനായിരിക്കും ഒന്നാമതയായി കളവിനെതിരെ എഴുന്നേറ്റുനിൽക്കുക.

മറ്റൊരവസരത്തിൽ ശത്രുതന്നെ നൽകിയ സാക്ഷ്യമുണ്ട്. ഹസ്റത്ത് അബ്ദുല്ലാഹിബ്നു അബ്ബാസ്(റ.മാ) നിവേദനം ചെയ്യുന്നു. അദ്ദേഹത്തോട് അബൂസുഫിയാൻ ബിൻഹർഫ് പറഞ്ഞു: ശാമിലേക്ക് ഒരുകച്ചവടസംഘത്തോടൊപ്പം പോയതായിരുന്നു അദ്ദേഹം. റോമൻ രാജാവായ ഹിർക്കൽ ഞങ്ങളുടെ സംഘത്തെ വിളിപ്പിച്ചു. നബി(സ) തിരുമമേനിയെക്കുറിച്ച് ചിലകാര്യങ്ങൾ ചോദിച്ച് മനസ്സിലാക്കുന്നതിനുവേണ്ടിയായിരുന്നു അത്. റോമൻ രാജാവിന്റെ ദർബാറിൽ ഹിർക്കലുമായി സംസാരിച്ച കാര്യങ്ങൾ പറഞ്ഞുകൊണ്ട് അദ്ദേഹം പറയുന്നു. അദ്ദേഹം എന്നോട് ചില ചോദ്യങ്ങൾ ചോദിച്ചു. അവയിലൊന്ന് നുബുവ്വത്ത് വാദത്തിനുമുമ്പേ അദ്ദേഹം കളവുപറഞ്ഞുവെന്ന് നിങ്ങൾ എപ്പോഴെങ്കിലും കുറ്റം ആരോപിച്ചിട്ടുണ്ടോ? ഇല്ലയെന്ന് ഞാൻ മറുപടി പറഞ്ഞു. ഹിർക്കൻ അബൂസുഫിയാനോട് പറഞ്ഞു. എന്റെ ചോദ്യത്തിന് ഇല്ലയെന്ന് നിങ്ങൾ മറുപടി പറഞ്ഞപ്പോൾ, ജനങ്ങളോട് കളവുപറയാതിരിക്കുകയും, അല്ലാഹുവിനെക്കുറിച്ച് കളവുപറയുകയും ചെയ്യുന്നയാളാണെന്ന് വിചാരിക്കാൻ പറ്റുകയില്ലെന്ന് ഞാൻ മനസ്സിലാക്കി. പിന്നീട് ഹിർക്കൻ ചോദിച്ചു. മാദായഅ്മുറുക്കും. അദ്ദേഹം എന്താണ് നിങ്ങളോട് കല്പിക്കുന്നത്. അബൂസുഫിയാൻ പറഞ്ഞു. അല്ലാഹുവിനെ ആരാധിക്കുക ഏകനായ ആരാധ്യനാണവൻ അവനോട് ആരേയും പങ്കാളിയാക്കരുത്. നിങ്ങളുടെ പൂർവ്വികന്മാർ പറഞ്ഞുവന്നതൊക്കെ ഉപേക്ഷിക്കുക. നമസ്കാരം നിലനിർത്താനും സത്യം പറയാനും പരിശുദ്ധിയാർജിക്കാനും ചാർച്ചയെ ചേർക്കാനും അദ്ദേഹം ഞങ്ങളോട് കല്പിക്കുന്നു. അപ്പോൾ ഹിർക്കൻ പറഞ്ഞു. നീപറയുന്നത് സത്യമാണെങ്കിൽ അദ്ദേഹം അടുത്തുതന്നെ എന്റെ പാദമിരിക്കുന്ന ഈ സ്ഥലത്തിന് ഉടമസ്ഥനായി തീരും.

വിശ്വസിക്കാതിരുന്നിട്ടും അവിടത്തെ സത്യതയുടെ റുബഅ്(വിശ്വാസികളെ സംബന്ധിച്ച് അവിശ്വാസികളിലുണ്ടാകുന്ന ആദരയുക്തമായ ഭയം) ആയിരുന്നു ഇത്. അതും ഉള്ളിൽ നിന്ന് എതിരാളികളുടെ ഹൃദയത്തെ സമ്മതിപ്പിക്കുന്നുണ്ടായിരുന്നു. സത്യവാനായ ഈ മനുഷ്യൻ പറയുന്നകാര്യങ്ങൾ സത്യമായി പുലർന്നാൽ തങ്ങൾക്ക് എന്തുപ്രസക്തിയാണുണ്ടാകുക എന്നവർ ഭയന്നിരുന്നു. ഇതിനെ സംബന്ധിച്ച് പറയുന്നു.

ഖുറയ്ശികൾ ഒരിക്കൽ അവരുടെ നേതാവായ ഉത്ബയെ പ്രതിനിധിയാക്കി നബി(സ) യുടെ അടുക്കലേക്കയച്ചു. താങ്കളെന്തിനാണ് ഞാൻ ആരാധിക്കുന്നവയെ അനാവശ്യം പറയുന്നതെന്നു അയാൾ നബിയോടു ചോദിച്ചു. ഞങ്ങളുടെ പൂർവ്വികരെ വഴിപിഴച്ചവരെന്നു പറയുന്നതെന്തിനാണ്. താങ്കളുടെ ആഗ്രഹം എന്താണെന്നുവെച്ചാൽ പൂർത്തിയാക്കിത്തരാം. താങ്കൾ ഇപ്പറയുന്നതിൽ നിന്ന് പിന്തിരിയുക. നബി (സ) വളരെ സമാധാനത്തോടും ക്ഷമയോടും കൂടി അയാൾ പറയുന്നകാര്യങ്ങൾ കേട്ടുകൊണ്ടിരുന്നു. എല്ലാം പറഞ്ഞുകഴിഞ്ഞപ്പോൾ, അവിടന്ന് ഹാമീം എന്ന അധ്യായത്തിലേയും ഫുസ്സിലത് എന്ന അധ്യായത്തിലേയും ചിലവചനങ്ങൾ ഓതി. ആദിനും സമൂദിനും ബാധിച്ച ശിക്ഷയെക്കുറിച്ച് ഞാൻ നിങ്ങൾക്ക് മുന്നറിയിപ്പു നൽകുന്നു എന്ന വചനത്തിലെത്തിയപ്പോൾ ഇനി പറയണ്ട എന്നുപറഞ്ഞ് ഉത്ബ തടസ്സപ്പെടുത്തി. ഭയം കൊണ്ട് അവിടെ നിന്ന് എഴുന്നേറ്റുപോയി. ഉത്ബ ഖുറയ്ശികളോടു ചെന്നു പറഞ്ഞു. മുഹമ്മദ് എന്തെങ്കിലും പറയുകയാണെങ്കിൽ കളവുപറയുകയില്ലെന്ന് നിങ്ങൾക്കറിയില്ലേ?. അദ്ദേഹം മുന്നറിയിപ്പുനൽകുന്ന ശിക്ഷ നിങ്ങളെ പിടികൂടുമോഎന്ന് ഞാൻ ഭയപ്പെടുന്നു. ഇതുകേട്ടപ്പോൾ ഖുറയ്ശീ നേതാക്കളെല്ലാം നിശബ്ദരായി.

നബി(സ)ന്റെ സത്യതക്കുള്ളസാക്ഷ്യം ഈ ഒന്നോരണ്ടോ വ്യക്തികൾ പറഞ്ഞതുമാത്രമല്ല. പ്രത്യുത മുഴുജനതയും ഒന്നുചേർന്ന് നബി(സ) സത്യം പറയുന്നയാളാണെന്ന് സാക്ഷ്യം പറയുകയുണ്ടായി. അല്ലാഹുവിൽ നിന്ന് *വ അൻദിർ അശീറത്തക്കൽ അഖ്റബീൻ* നീ നിന്റെ ഏറ്റവുമടുത്ത ബന്ധുക്കൾക്ക് മുന്നറിയിപ്പു നൽകുക എന്ന കല്പനയിറങ്ങിയപ്പോൾ നബി(സ) സഫാമലയിൽ കയറി നിന്ന് ഓരോ ഗോത്രക്കാരുടേയും പേരെടുത്ത് വിളിച്ചു ചേർത്തു എല്ലാവരും അവിടെ സമ്മേളിച്ചു. പറഞ്ഞു ഈ മലയുടെ പിന്നിൽ വലിയൊരു സൈന്യം

ഒളിച്ചിരിപ്പുണ്ടെന്നും അടുത്തുതന്നെ നിങ്ങളുടെ മേൽ ആക്രമണം നടത്തുമെന്നും ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ? മല അത്ര ഉയരമുള്ളതല്ല. ഈ ചോദ്യം അവിടെ സ്വീകാര്യാർഹമാകുന്നതുമല്ല. പക്ഷെ ഈ വ്യക്തി കളവുപറയുകയില്ലെന്ന് അവർക്കറിയാം. തെറ്റായ കാര്യങ്ങൾ പറയുകയില്ല. എല്ലാവരും ഏകസ്വരത്തിൽ പറഞ്ഞു. ഞങ്ങൾ വിശ്വസിക്കുമെന്ന് പറഞ്ഞു. കാരണം ഞങ്ങൾ താങ്കളെ സത്യം പറയുന്നതായിട്ടുമാത്രമേ കണ്ടിട്ടുള്ളു. അവിടന്ന് പറഞ്ഞു. കേട്ടുകൊള്ളുക. ഞാൻ നിങ്ങളോട് പറയുന്നു. അല്ലാഹുവിന്റെ ശിക്ഷയുടെ സൈന്യം നിങ്ങളുടെ അടുത്തെത്തിക്കഴിഞ്ഞിരിക്കുന്നു. അല്ലാഹുവിൽ വിശ്വസിക്കുക. ശിക്ഷയിൽ നിന്ന് രക്ഷപ്പെടുക. എന്തായാലും അവരിതുകേട്ട് പരിഹസിച്ചും കളിയാക്കിയും അവിടെനിന്ന് എഴുന്നേറ്റുപോയി. പക്ഷെ മുഹമ്മദ് അസത്യവാനാണെന്ന് അവർ പറഞ്ഞില്ല. അദ്ധ്യാപനം കളവാണെന്നാണ് അവർ പറഞ്ഞത്. ഒരുപാട് അനാവശ്യങ്ങൾ പറഞ്ഞു. വളരെ കഠിനമായ പദങ്ങൾ ഉപയോഗിച്ചു. എന്നാൽ എപ്പോഴുമെന്നപോലെ ഇപ്പോഴും അവിടന്ന് കളവു പറയുകയാണെന്ന് പറയാൻ അവർക്കുകഴിഞ്ഞില്ല. അവരുടെ വായിൽ നിന്ന് എന്തെങ്കിലും പദങ്ങൾ പുറത്തുവന്നെങ്കിൽ എപ്പോഴും അവിടന്ന് സത്യം പറയുന്നയാളാണ് എന്നുള്ളതായിരുന്നു.

അവിടത്തെ സത്യതയുടെ ഉദാത്തമായ നിലവാരം എത്രമാത്രം ഉന്നതമായിരുന്നുവെന്നു വെച്ചാൽ അവിടന്ന് കളവുപറയുന്നയാളാണെന്ന് പറയാൻ അവർക്ക് കഴിഞ്ഞിരുന്നില്ല.

പിന്നീട് പിതൃവ്യന്റെ സക്ഷ്യമാണ്. പന്തിവിരോധം നടന്നകാലത്ത്, ശിഅ്ബ് അബീത്വാലിബിൽ വച്ചായിരുന്നു അത്. മൂന്നാംവർഷം നബി(സ) അല്ലാഹുവിൽ നിന്ന് അറിയിപ്പുകിട്ടിയതനുസരിച്ച് ബനൂഹാഷിം പന്തിവിരോധത്തെക്കുറിച്ചെഴുതി. കഅ്ബയിൽ തൂക്കിയിരുന്ന നിബന്ധനകളിൽ അല്ലാഹു എന്ന പദമൊഴികെ മറ്റെല്ലാം ചിതലരിച്ചിരിക്കുന്നുവെന്ന് അബൂത്വാലിബിനോട് പറഞ്ഞു. അബൂത്വാലിബിന് നബി(സ) പറഞ്ഞ കാര്യങ്ങളിൽ ദൃഢവിശ്വാസമുണ്ടായിരുന്നു. എത്രമാത്രമെന്നാൽ ആദ്യം അദ്ദേഹം തന്റെ സഹോദരനോട് അതു പറഞ്ഞു. അല്ലാഹുവാണ മുഹമ്മദ് ഇന്നേവരെ തെറ്റായ ഒരുകാര്യവും പറഞ്ഞിട്ടില്ല. ഇതും മുഹമ്മദ് എന്നോട് പറഞ്ഞതാണ്. തീർച്ചയായും ഇതും സത്യമാണ്. പിന്നീട് അദ്ദേഹം മറ്റൊരു നേതാവിന്റെ അടുത്തുപോയി ഈ വിവരം പറഞ്ഞു. നിങ്ങളുടെ ഉടമ്പടി നിബന്ധനകൾ ചിതലരിച്ചിരിക്കുന്നു. നിങ്ങൾക്കും എനിക്കുമറിയാം മുഹമ്മദ് ഇന്നേവരെ കളവുപറഞ്ഞിട്ടില്ലെന്ന്. നമുക്ക് പോയി നോക്കാം എന്റെ സഹോദരപുത്രൻ ഇതിൽ സത്യവാനാണെന്നുകണ്ടാൽ പന്തിവിരോധ നടപടിയിൽ നിന്നു പിൻമാറേണ്ടിവരും. പറഞ്ഞത് കളവാണെന്നുതെളിഞ്ഞാൽ ഞാനവനെ നിങ്ങൾക്ക് വിട്ടുതരാം. നിങ്ങൾക്കിഷ്ടമുള്ളത് അവനോട് ചെയ്യാം. സത്യനിഷേധികളെല്ലാം അതിനോട് യോജിച്ചു. അങ്ങനെ അവർ അവിടെച്ചെന്ന് നോക്കിയപ്പോൾ അല്ലാഹു എന്ന പദമല്ലാതെ മറ്റെല്ലാ പദങ്ങളും ചിതലരിച്ചിരിക്കുന്നതായി കണ്ടു. അങ്ങനെ ആ പന്തിവിരോധം അവസാനിപ്പിച്ചു.

പ്രത്യക്ഷത്തിൽ അബൂത്വാലിബാണ് നബി(സ)ന്റെ സത്യതപ്രകടിപ്പിച്ചത്. എന്നാൽ ഖുറയ്ശീ നേതാക്കൻമാരെല്ലാം നിശബ്ദരായി എന്ന സംഭവം വിളിച്ചോതുന്നത് അവരും നബി(സ) സത്യം പറയുന്നയാളാണെന്ന് വിശ്വസിച്ചിരുന്നു എന്നാണ്. എന്നല്ല മുഹമ്മദ്(സ) നെ ഇക്കാര്യമറിയിച്ച അല്ലാഹുവും സത്യവാനാണ്. പക്ഷെ അല്ലാഹുവിനെ വിശ്വസിക്കാതിരിക്കാനുള്ളകാരണം അവരുടെ അഹങ്കാരവും തൻപ്രമാണിത്തവുമായിരുന്നു. യഥാർത്ഥത്തിൽ കടലാസ് ചിതലരിച്ചിട്ടുണ്ടെന്നുള്ള വിശ്വാസമുണ്ടായിരുന്നില്ലെങ്കിൽ അവർക്കത് പരിഹസിച്ച് തള്ളാമായിരുന്നു. എന്നാൽ വിവരം കേട്ടയുടനെ അവർ അവിടെപോയി അന്വേഷിക്കാൻ തയ്യാറായി.

ഇനി ഒരു എതിരാളിയുടെയും അയാളുടെ ഭാര്യയുടെയും സാക്ഷ്യമാണ്. ഹസ്റത്ത് അബ്ദുല്ലാഹിബ്നു മസ്ഊദ്(റ) നിവേദനം ചെയ്യുന്നു. സഅ്ദിബ്നു മുആദ്(റ) ഉംറ ചെയ്യുന്നതിനുവേണ്ടിപ്പോയി. ഉമയ്യാബിൻഖൽഫ്, അബൂസഫ്വാന്റെ വീട്ടിൽ താമസിച്ചു. ഉമയ്യാബിൻഖൽഫ് ശാമിലേക്ക് മടങ്ങിപോകുമ്പോൾ മദീനയിൽ സഅദിന്റെ വീട്ടിലായിരുന്നു താമസിച്ചിരുന്നത്. ഉമയ്യാ, സഅദിനോട് പറഞ്ഞു. നിങ്ങൾ കാത്തിരിക്കുക. ഉച്ചയ്ക്ക് ജനങ്ങളെല്ലാം പോയികഴിയുമ്പോൾ ഉംറചെയ്യുക. അക്കാലത്ത് അവിശ്വാസികളുടെ ഇടയിൽ പരസ്യമായി ഉംറചെയ്യാൻ പറ്റുമായിരുന്നില്ല. അങ്ങനെ സഅ്ദ് ത്വവാഫ് ചെയ്യുമ്പോൾ അബൂജഹൽ വന്നു. കഅ്ബ ത്വവാഫ് ചെയ്യുന്നയാളാരാണെന്ന് അയാൾ ചോദിച്ചു. സഅ്ദാണെന്ന് അദ്ദേഹം പറഞ്ഞു. അതുകേട്ടപ്പോൾ അബൂജഹൽ പറഞ്ഞു. നിങ്ങൾ സമാധാനത്തോടുകൂടി കഅ്ബ ത്വവാഫ് ചെയ്യുന്നു. നിങ്ങൾ മുഹമ്മദിനും കൂട്ടർക്കും അഭയം നൽകിയിരിക്കുന്നു. അതെ ഞങ്ങൾ അങ്ങനെ തന്നെ ചെയ്തിരിക്കുന്നുവെന്ന് സഅ്ദ് അറിയിച്ചു. അപ്പോൾ അവർ പരസ്പരം ഉറക്കെസംസാരിക്കാൻ തുടങ്ങി. അപ്പോൾ ഉമയ്യാ സഅ്ദിനോട് പറഞ്ഞു. അബുൽ ഹിക്കമിന്റെ മേൽ ശബ്ദം ഉയർത്താതിരിക്കുക. അദ്ദേഹം ഈ താഴ്വരയിലെ നേതാവാണ്. സഅദ് പറഞ്ഞു. അല്ലാഹുവാണ എന്നെ ത്വവാഫ് ചെയ്യുന്നതിൽ നിന്ന് താങ്കൾ തടഞ്ഞാൽ, ശാമിലേക്കുള്ള താങ്കളുടെ കച്ചവടത്തിൽ ഞാൻ തടസ്സമുണ്ടാക്കും. അപ്പോൾ ഉമയ്യ സഅ്ദിനോട് പറഞ്ഞു. നിങ്ങളുടെ ശബ്ദം ഉയർത്താതിരിക്കുക. അദ്ദേഹം സഅ്ദിനെ തടയുകയായിരുന്നു. സഅ്ദിൽ വെറുപ്പ് പ്രകടമായി എന്നെ വിടാൻ പറഞ്ഞുകൊണ്ട് അദ്ദേഹം പറഞ്ഞു. താങ്കൾ

തന്റെ കൈയ്യാൽ വധിക്കപ്പെടുമെന്ന് നബി(സ) പറഞ്ഞതായി ഞാൻ കേട്ടിട്ടുണ്ട്.

ഞാനാണോ എന്ന് ഉമയ്യചോദിച്ചു. അതെ എന്ന് സഅ്ദ് പറഞ്ഞു. അപ്പോൾ ഉമയ്യപറഞ്ഞു. അല്ലാഹുവാണ മുഹമ്മദ്(സ) സംസാരിക്കുമ്പോൾ കളവുപറയുകയില്ല. പിന്നീട് അയാൾ തന്റെ ഭാര്യയുടെ അടുക്കൽ വന്ന്, യസ്‌രിബുകാരനായ എന്റെ സഹോദരൻ എന്നെക്കുറിച്ച് എന്താണ് പറഞ്ഞതെന്ന് നിനക്കറിയാമോ?. എന്താണെന്ന് ഭാര്യചോദിച്ചു. അയാൾ പറഞ്ഞു മുഹമ്മദ് എന്നെ വധിക്കുമെന്ന് പറഞ്ഞിരിക്കുന്നു. ഉമയ്യായുടെ ഭാര്യ പറഞ്ഞു. അല്ലാഹുവാണ! മുഹമ്മദ്(സ) കളവുപറയുകയില്ല. ബദ്റിലേക്ക് മക്കയിലെ നിഷേധികൾ പോകുമ്പോൾ ഉമയ്യയുടെ ഭാര്യ അദ്ദേഹത്തോട് പറഞ്ഞു. യസ്‌രിബുകാരനായ താങ്കളുടെ സഹോദരൻ പറഞ്ഞതെന്താണെന്ന് താങ്കൾക്കോർമയുണ്ടോ? ഞാൻ മുന്നോട്ടുപോകുകയില്ലെന്ന് ഉമയ്യ പറഞ്ഞു. എന്നാൽ, അബൂജഹൽ ഉമയ്യയോട് പറഞ്ഞു താങ്കൾ ഈ താഴ്‌വരയിലെ ആദരണീയനായ നേതാക്കന്മാരിൽപ്പെട്ടയാളാണ് നിർബന്ധിച്ച് അബൂജഹൽ ഉമയ്യായെ മുന്നോട്ട് കൊണ്ടുപോയി ഒന്നുരണ്ടു ദിവസം കൂടെ താമസിച്ച് തിരിച്ചുപോരാനും പറഞ്ഞു. അങ്ങനെ ഉമയ്യാകൂടെ പോയി. അവസാനം ആ ബദ്റിൽതന്നെ വധിക്കപ്പെട്ടു. നോക്കുക, നബി(സ) പറഞ്ഞകാര്യം കേട്ട് ഭാര്യയും ഭർത്താവും ഭയപ്പെട്ടുവെന്ന് മാത്രമല്ല, അങ്ങനെതന്നെ സംഭവിക്കുമെന്ന് അവർക്ക് ഉറപ്പും ഉണ്ടായിരുന്നു. രക്ഷപ്പെടാൻ വേണ്ടി അങ്ങേയറ്റം പരിശ്രമിക്കുകയും ചെയ്തു. പക്ഷെ, അല്ലാഹുവിന്റെ വിധി അയാളെ ബദ്ർ മൈതാനത്തേക്കുവലിച്ചുകൊണ്ടുപോയി. അവിടത്തെ സത്യതയുടെ റുഅ്ബിന്റെ മറ്റൊരു ഉദാഹരണം കാണുക. ഉഹ്ദ് യുദ്ധത്തിൽ, നബി(സ) പരിക്കേറ്റതിനുശേഷം ചില അനുയായികളോടൊപ്പം ഒരു മലയിടുക്കിൽ ചാരിക്കിടക്കുകയായിരുന്നു. ഉബയ്യിബ്നു ഖൽഫ്, നബി(സ)യെ കണ്ടിട്ട് കോപത്തോടെ വിളിച്ചു പറഞ്ഞു. മുഹമ്മദേ(സ) ഇന്ന് നീ രക്ഷപ്പെടുകയാണെങ്കിൽ ഞാൻ വിജയിച്ചിട്ടില്ല. സ്വഹാബത്ത് ചോദിച്ചു. അല്ലാഹുവിന്റെ റസൂലെ ഞങ്ങളിലാരങ്കിലും അവനെ നേരിടട്ടെ. നിങ്ങൾ അവനെ വിട്ടേക്കുക എന്ന് നബി(സ) പറഞ്ഞു. അയാൾ നബിയുടെ അടുക്കൽ വന്നപ്പോൾ നബി (സ) കുന്തമെടുത്തുകൊണ്ട് മുന്നോട്ട് കുതിച്ച് അയാളുടെ കഴുത്തിൽ വെട്ടി. അയാൾ കുതിരയുടെ മുകളിൽ നിന്ന് താഴെവീണു. ഇബ്നു ഇസ്ഹാക്ക് സീറത്ത് ഇബ്നു ഹിശാമിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നോട് സഹ്‌ലിബിനു ഇബ്റാഹിം ബിൻ അബ്ദുൽറഹ്മാൻ ബിൻ പറഞ്ഞു. ഉസയ്യിബിനു ഖൽഫ് നബി(സ) മയെ മക്കയിൽ വെച്ച് കണ്ടപ്പോൾ, ഏ മുഹമ്മദ് എന്റെ കൈയ്യിൽ ഒരു കുതിരയുണ്ട് ഞാനതിന് പ്രത്യേകമായ ഭക്ഷണം കൊടുത്ത് പോറ്റിവളർത്തുകയാണ്. അതിൽ കയറി ഞാൻ നിന്നെ വധിക്കുന്നതാണെന്ന് പറയുമായിരുന്നു. നബി(സ) അദ്ദേഹത്തിനോട് പറയുമായിരുന്നു. നീ പറയുന്നതുപോലെ കാര്യം നടക്കുകയില്ല മറിച്ച് ഇൻശാഅല്ലാഹ് ഞാൻ നിന്നെ വധിക്കുന്നതായിരിക്കും. അയാൾ പരിക്കേറ്റ് ഖുറയ്ശികളുടെ അടുത്തേക്ക്തിരിച്ചു. അയാളുടെ കഴുത്തിൽ ചെറിയൊരു മുറിവേ ഉണ്ടായിരുന്നുള്ളു. ചോര മുഴുവനും ഒഴുകിപ്പോകും വിധം വലുതായിരുന്നില്ല ആ മുറിവ്. കുറച്ചു ചോരയെ പോയിരുന്നുള്ളു. മുഹമ്മദ് എന്നെ വെട്ടിവീഴ്ത്തിയിരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ടിരുന്നു അയാൾ. കൂട്ടുകാർ അയാളെ സമാധാനിപ്പിച്ചു കൊണ്ട് പറഞ്ഞു. നിങ്ങളെന്തിനാണ് നിരാശനാകുന്നത്? ചെറിയൊരുമുറിവാണ്, അപ്പോൾ അയാൾ പറഞ്ഞു: നിങ്ങൾക്കറിയില്ല അവൻ (നബി(സ) മക്കയിൽ വെച്ച് എന്നെ വധിക്കുമെന്ന് പറഞ്ഞിരുന്നു. അല്ലാഹുവാണ അവൻ എന്റെ മേൽ തുപ്പിയാൽ തന്നെ ഞാൻ വധിക്കപ്പെടുന്നതാണ്. ആ സംഘം മക്കയിൽ എത്തുന്നതിനുമുമ്പേ, ആ പരിക്കിൽ സറഫ് എന്ന സ്ഥലത്തുവെച്ച് അയാൾ മരിച്ചു.

ഒരു യഹൂദി പണ്ഡിതന്റെ സാക്ഷ്യമാണ് ഇനി പറയുന്നത്. അദ്ദേഹം മുഖലക്ഷണം നോക്കി ആളെ തിരിച്ചറിയുന്ന ആളായിരുന്നു. ഹസ്‌റത്ത് അബ്ദുല്ലാഹിബ്നു സലാം(റ) നിവേദനം ചെയ്യുന്നു. നബി(സ) മദീനയിൽ വന്നപ്പോൾ ജനങ്ങൾ നബിയെ സ്വീകരിക്കാൻ പുറത്തേക്കിറങ്ങിനിന്നു. അല്ലാഹുവിന്റെ തിരുദൂതർ ആഗതരായിരിക്കുന്നുവെന്ന് ഉറക്കെ വിളിച്ചു പറയാൻ തുടങ്ങി. അബ്ദുല്ലാഹിബ്നു സലാം പറയുന്നു. ഞാനും ജനങ്ങളോടൊപ്പം റസൂലില്ലാഹി (സ)യെകാണുന്നതിനായി വന്നു. യഹൂദിപണ്ഡിതനായിരുന്നു അദ്ദേഹം ഞാൻ പ്രവാചകന്റെ അനുഗ്രഹീതമായ മുഖകമലം സൂക്ഷമദൃഷ്ടിയാ നോക്കിയപ്പോൾ, ആ മുഖം കേവലം കള്ളവാദിയുടെ മുഖമല്ലെന്ന് എനിക്കു മനസ്സിലായി.

ഈ എല്ലാ സാക്ഷ്യങ്ങളും മുന്നിൽ വെച്ചുകൊണ്ട് പറയുന്നയാൾ അല്ലാഹുവിന്റെ സത്യവാനായ നബിയല്ലെന്ന് ഹൃദയത്തിനും കാതിനും കണ്ണിനും മറവീണിട്ടുള്ളവർക്കല്ലാതെ മറ്റാർക്കാണ് അവിടന്ന് സത്യം പറയുന്നയാളും അല്ലാഹുവിന്റെ സത്യവാനായ നബിയുമല്ലെന്ന് പറയാൻ കഴിയുക. മറ്റാർക്കും പറയാൻ പറ്റുകയില്ല.

നബി(സ) താൻ തന്നെ സത്യം പ്രകടിപ്പിക്കുകയും സത്യം പറയുകയും മാത്രമല്ല ചെയ്തത്, അത് തന്നെ വിശ്വസിക്കുന്നവരിൽ സൃഷ്ടിക്കുകയും ചെയ്തു. അവരുടെയുള്ളിലും ഈ സത്യത തിരുകിക്കയറ്റി. ഈ സത്യം പറയുന്നത് കാരണത്താൽ, ആദ്യകാലത്ത് ചിലർക്ക് ജീവൻ തന്നെ ത്യജിക്കേണ്ടിവന്നു. എന്നിട്ടും അവർ സത്യത്തെ സത്യമായി തന്നെ പറഞ്ഞു.

ഞാൻ പറഞ്ഞതുപോലെ, ഉന്നതമായ ഒരാളു

ടെ ഉദാത്തമായ സ്വഭാവം പരിശോധിക്കുന്നതിനായി അയാളുടെ ജീവിതത്തിലെ സത്യസന്ധതയുടെ നിലവാരം നോക്കേണ്ടതും അത്യാവശ്യമാണ്. ഈ ഉന്നതമായ നിലവാരം നമ്മുടെ നബി(സ) യുടെ ജീവിതത്തിൽ മറ്റുള്ളവരെക്കാളൊക്കെ അധികം കാണാൻ കഴിയും. അവിടത്തെ സത്യസന്ധതയുടെ നിലവാരം കുട്ടിക്കാലത്തും യുവത്വകാലത്തും ഉന്നതമായിരുന്നു. ഇതിനെക്കുറിച്ചുള്ള സംഭവങ്ങൾ നാം കണ്ടു. ശത്രുക്കളും അവിടത്തെ അധ്യാപനങ്ങളിലും അല്ലാഹുവിലും വിശ്വാസമില്ലാതിരിന്നിട്ടും അവിടന്ന് പറഞ്ഞ മുന്നറിയിപ്പ് കേട്ട് ഭയപ്പെടുമായിരുന്നു. ഇന്നും നബി(സ) യുടെ പവിത്രജീവിതത്തിനുമേൽ തരം താണ ആക്ഷേപങ്ങൾ ചൊരിയുന്നു. പരിഹസിക്കുകയും കളിയാക്കുകയും ചെയ്യുന്നു. ഇന്നും പ്രവർത്തിക്കുന്ന അത്തരക്കാർ, അല്ലാഹു ഇന്നും തന്റെ പ്രിയപ്പെട്ട നബിയുടെ കാര്യത്തിൽ അഭിമാനിയാണെന്ന കാര്യം ഓർക്കേണ്ടതാണ്. ചിലയാളുകൾ തങ്ങളുടെ മാധ്യമങ്ങൾ മുഖേന ചരിത്രത്തേയും യാഥാർത്ഥ്യത്തേയും വളച്ചൊടിച്ച് സമർപ്പിക്കുന്നു. സത്യത്തെമറച്ചുവെക്കാൻ പരിശ്രമിക്കുന്നു. മക്കയിലെ സത്യനിഷേധികൾക്കുണ്ടായ അനുഭവം അവർ മുന്നിൽ കാണേണ്ടതാണ്. ചിലത് ഞാൻ പറഞ്ഞു. അത് നിരവധിയുണ്ട്. നമ്മുടെ യജമാനരായ നബി(സ) യുടെ സത്യത,അതിന്റെ പ്രകാശം മുമ്പൊരിക്കലും മങ്ങിപ്പോയിട്ടില്ല. മറഞ്ഞുപോയിട്ടില്ല. ഇന്നും നിങ്ങളുടെ ആക്രമണത്താൽ അത് മങ്ങുകയോ മായുകയോഇല്ല. ഈ പ്രകാശം ഇൻശാഅല്ലാഹ് മുഴുലോകത്തും വിജയിക്കേണ്ടതു തന്നെയാണ്. ഈ സത്യതയുടെ പ്രകാശം മുഴുലോകത്തേയും കീഴടക്കി നബി(സ) യുടെ പാദത്തിങ്കൽ കൊണ്ടുവന്ന് വെക്കേണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ ഇന്ന് ചിലയാളുകൾ നബി(സ) യുടെ ജീവിതത്തെ തെറ്റായ രീതിയിലെഴുതി ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇസ്‌ലാമിനെക്കുറിച്ചും ഇസ്‌ലാമിന്റെ പാഠങ്ങളെക്കുറിച്ചും നബിയെക്കുറിച്ചും ചില ലേഖനങ്ങൾ ഇന്റർനെറ്റിലും പത്രങ്ങളിലും വരുന്നുണ്ട്. മുസ്‌ലിം ആയിക്കൊണ്ട് ഇൻസൈഡ് കഥപറയുന്ന ഒരു സ്ത്രീയും കാനഡയിലുണ്ട്. അഹ്മദികൾ സംസാരിക്കാൻ വിളിക്കുമ്പോൾ അവർ തയ്യാറാകുന്നില്ല. മറ്റുള്ളവരോട് സംസാരിക്കുന്നു. അവരുടെ ഇഷ്ടാനിഷ്ടങ്ങളനുസരിച്ച് അഴുക്ക് വാരിയെറിയുന്നു. എന്തായാലും ഇക്കാലത്ത് വീണ്ടും ഇത് നടന്നുവരുന്നു. അതുകൊണ്ട് ഓരോഅഹ്മദിയും ഇതുശ്രദ്ധിക്കേണ്ടതാണ്. നബി(സ) യോടുള്ള നിങ്ങളുടെ സ്നേഹം ആവശ്യപ്പെടുന്നത്, നബിയുടെ ജീവിതത്തിന്റെ എല്ലാവശങ്ങളും നിങ്ങൾ കണ്ടുമനസ്സിലാക്കുക. അത് വിവരിക്കുക. വെളിപ്പെടുത്തുക അല്ലാതെ നബിക്കെതിരിൽ എന്തെങ്കിലും കേൾക്കുമ്പോൾ ജാഥനടത്തി യോഗം സംഘടിപ്പിച്ചും ദ്വേഷം പ്രകടിപ്പിച്ച് എല്ലാം അവസാനിപ്പിച്ച് ...... എന്നതല്ല. സ്ഥിരമായിട്ട് അത്തരം ആക്ഷേപങ്ങൾക്ക് മറുപടി കൊടുത്തു കൊണ്ടേയിരിക്കണം. അതിനുവേണ്ടി നബി(സ) യുടെ ജീവിതത്തിന്റെ വിവിധ വശങ്ങൾ പ്രചരിപ്പിക്കേണ്ടതാണ്. ആക്ഷേപങ്ങൾ മുന്നിൽ വെച്ചുകൊണ്ടുമാത്രമേ അവിടത്തെ സംശുദ്ധമായ ജീവിതം വിവരിക്കാൻ പറ്റുകയുള്ളു. മറുപടിയില്ലാത്തതായ ഒരാക്ഷേപവുമില്ല. എതേതെല്ലാം രാഷ്ട്രങ്ങളിലാണോ അത്തരം നിരർത്ഥകങ്ങളായ ലിറ്ററേച്ചറുകൾ പ്രസിദ്ധീകരിച്ചിട്ടുള്ളത്, പത്രങ്ങളിലും മറ്റും വന്നിട്ടുള്ളത്, അവിടത്തെ ജമാഅത്തിന്റെ പ്രവൃത്തിയാണ് അതുകണ്ടെത്തുകയും അതിന് നേരിട്ട് മറുപടി പറയേണ്ട ആവശ്യമുണ്ടെങ്കിൽ, മറുപടി എഴുതുകയാണെങ്കിൽ ആദ്യം കേന്ദ്രത്തെക്കാണിക്കേണ്ടതാണ്. അല്ലെങ്കിൽ ഇവിടത്തേക്ക് അയക്കുക ഇവിടെയും അതിനെക്കുറിച്ച് വിലയിരുത്താൻ കഴിയും. മറുപടിഅർഹിക്കുന്നെങ്കിൽ മറുപടി കൊടുക്കേണ്ടതാണ്.

നബി(സ)യുടെ ജീവിതത്തെക്കുറിച്ച് ലേഖനങ്ങൾ മുഖേനയും പ്രസംഗങ്ങൾ മുഖേനയും ജമാഅത്തിലെ അംഗങ്ങളിലും ബോധവൽക്കരണം നടത്തുക. എല്ലാവരും അതറിഞ്ഞിരിക്കേണ്ടതാണ്. പുതിയതായി വരുന്നവർക്കും വളർന്നുവരുന്ന കുട്ടികൾക്കും അത് മനസ്സിലാക്കിക്കൊടുക്കുക. പ്രത്യേകിച്ച് യുവാക്കൾക്ക് കോളേജിൽ പോകുമ്പോൾ ബുദ്ധിമുട്ടുണ്ടാകാറുണ്ട്. അവർ ഇക്കാര്യം കേട്ട് പഠിക്കുമ്പോൾ നബിക്കെതിരെയുള്ള ആക്ഷേപങ്ങൾക്ക് മറുപടി പറയാൻ കഴിയും. ഓരോ അഹ്മദിയും തങ്ങളുടെ ഉള്ളിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കേണ്ടതാണ്. ഈ പരിശുദ്ധമായ മാറ്റം ഇന്ന് നബി(സ) യുടെ ഖുവ്വനെഖുദ്സി അഥവാപരിശുദ്ധമായ ശക്തിപ്രഭാവത്താലാണ് നടക്കുന്നതെന്നും 1400 വർഷത്തിനു ശേഷവും അന്നത്തെപ്പോലെ പുതുമയോടെ അത് നിലനിൽക്കുന്നുവെന്നും ജനങ്ങൾക്ക് കാണിച്ചുകൊടുക്കുക.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. നമ്മുടെ നബി(സ) സത്യം വെളിപ്പെടുത്തുന്നതിനായുള്ള ഒരു 'മുജദ്ദിദെ അഅ്ളം' (ഏറ്റവും വലിയ പരിഷ്കർത്താവ്) ആയിരുന്നു. ഇക്കാര്യത്തിൽ നമ്മുടെ നബി(സ) ക്കുസമാനനായി ഒരുനബിയുമില്ല. നബി(സ) മുഴുലോകത്തെയും ഒരു അന്ധകാരത്തിൽ അകപ്പെട്ടിരിക്കുന്നതായി കണ്ടു. അവിടത്തെ പ്രകാശത്താൽ ആ അന്ധകാരം പ്രകാശമായി മാറി ഏതൊരു ജനതയിലാണോ അവിടന്ന് വെളിപ്പെട്ടത്, ആജനത മുഴുവൻ ശിർക്കിന്റെ വസ്ത്രമഴിച്ച് തൗഹീദിന്റെ വസ്ത്രം അണിയുന്നതുവരെ അവിടന്ന് വഫാത്തായില്ല. ഇത്രമാത്രമല്ല, അവർ ഈമാന്റെ പരമമായ ദർജകളിലെത്തി സത്യസന്ധതയും ആത്മാർത്ഥതയും ദൃഢവിശ്വാസവും കൊണ്ടു നടന്ന, ആ പ്രവർത്തിക്കുതുല്ല്യമായതൊന്ന് ദുൻയാവിൽ കാണുകയില്ല. ഈ വിജയം, ഇത്രമാത്രം വിജയം

നബി(സ)ക്കല്ലാതെ മറ്റൊരു നബിക്കും ലഭിച്ചിട്ടില്ല. നബി(സ) ന്റെ നുബുവ്വത്തിന്റെ സത്യത്തിനുള്ള ഏറ്റവും വലിയൊരുതെളിവാണിത്. കാലം അങ്ങേയറ്റം അന്ധകാരത്തിൽ ആണ്ടുകിടന്നപ്പോഴാണ് അവിടന്ന് ആഗതരായത്. അത് ഒരു വലിയ പരിഷ്കർത്താവിനെ ആവശ്യപ്പെടുകയായിരുന്നു. പിന്നീട് ലക്ഷക്കണക്കിനാളുകൾ ശിർക്കും ബിംബാരാധനയും ഉപേക്ഷിച്ച് തൗഹീദും നേരായപാതയും സ്വീകരിച്ചശേഷമാണ് അവിടന്ന് ഇഹലോകവാസം വെടിഞ്ഞത്. യഥാർത്ഥത്തിൽ പരിപൂർണ്ണമായ ഈ പരിഷ്കരണം നബി(സ)ക്കായി പ്രത്യേകപ്പെടുത്തിയതായിരുന്നു. അവിടന്ന് മൃഗതുല്യരായ ആളുകളെ മനുഷ്യമര്യാദകൾ പഠിപ്പിച്ചു. അല്ലെങ്കിൽ മറ്റുവാക്കുകളിൽ ഇങ്ങനെ പറയാം, മൃഗങ്ങളെ മനുഷ്യരാക്കി. മനുഷ്യനിൽ നിന്ന് വിദ്യാസമ്പന്നരായ മനുഷ്യനെ സൃഷ്ടിച്ചു. വിദ്യാസമ്പന്നനായ മനുഷ്യനിൽ നിന്ന് ദൈവവിശ്വാസിയായ മനുഷ്യനെ സൃഷ്ടിച്ചു. ആത്മീയതയുടെ അവസ്ഥകൾ അവരിൽ ഊതി. സത്യമായ ദൈവത്തോടൊപ്പം അവരുടെ ബന്ധം സ്ഥാപിച്ചു. അല്ലാഹു തആല നമുക്കെല്ലാം നബി(സ) യുടെ പാഠമനുസരിച്ച് ഉപദേശമനുസരിച്ച് നടക്കുവാൻ തൗഫീഖ് നൽകുമാറാകട്ടെ.

**വിവർത്തനം** : മുഹമ്മദ് ഇസ്മായീൽ H.A ആലപ്പുഴ
**MOBILE : 98951 26027**

**MTA** യിൽ നിന്ന് തർജ്ജമ ചെയ്തത്

**JUMUA KHUTHBA**
**HADHRAT MIRZA MASROOR AHMAD**
**KHALIFATHUL MASIH - V**
**on**
**11 - 02 - 2005**
**at**
**Baithul Futuh, London.**

Page Layout & Type Set: Majlis Khuddamul Ahmadiyya, Kakkanad
Published by : **Majlis Khuddamul Ahmadiyya, Kerala**